കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

പ്രസിദ്ധീകരണത്തിന് :

നമ്പർ : എ2/1319/2021

17-11-2021

## കേരള സംഗീത നാടക അക്കാദമി
## 100 കേരള ഗാനങ്ങൾക്ക് ധനസഹായം പട്ടിക പ്രസിദ്ധീകരിച്ചു.

കോവിഡ് 19 മഹാമാരിയുടെ പ്രതിസന്ധിയിലകപ്പെട്ട കലാകാരന്മാരെ സഹായിക്കുന്നതിന്റെ ഭാഗമായി അക്കാദമി നടപ്പിലാക്കിയ പദ്ധതിയാണ് 100 കേരള ഗാനങ്ങൾക്കുള്ള ധനസഹായം. കേരളത്തിലെ ഗാനരചയിതാക്കളേയും ഗായകരെയും സംഗീത സംവിധായകരേയും പ്രോത്സാഹിപ്പിക്കുന്നതിനായി 100 കേരള ഗാനങ്ങൾക്ക് അക്കാദമി 15,000/- രൂപ (ഗാനരചന, സംവിധാനം, ഗായകൻ/ഗായിക ഓരോ വിഭാഗത്തിനും 5,000/- രൂപ വീതം) ധനസഹായം നൽകുകയാണ്.

കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി 253 അപേക്ഷയാണ് അക്കാദമിയിൽ ലഭിച്ചത്. വിദ്യാധരൻ മാസ്റ്റർ, വി.ടി.മുരളി അക്കാദമി സെക്രട്ടറി ഡോ.പ്രഭാകരൻ പഴശ്ശി എന്നിവരടങ്ങുന്ന ജൂറി കമ്മിറ്റിയാണ് മികച്ച 100 കേരള ഗാനങ്ങൾ തെരഞ്ഞെടുത്തത്.ഗാനരചന, സംഗീതസംവിധാനം, ആലാപനം എന്നിവയിൽ ഒരാൾക്ക് ഒരവസരം മാത്രമേ നൽകാൻ പാടുള്ളൂവെന്നും ഈ പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുന്ന നൂറുഗാനങ്ങൾ മുഴുവൻ ഉയർന്ന നിലവാരം പുലർത്തുന്നവയല്ലായെന്നും ജൂറി അഭിപ്രായപ്പെട്ടു. എങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നൂറു ഗാനങ്ങളെ തെരഞ്ഞെടുക്കുകയാണ്. ഇത് അക്കാദമിയുടെ പുരസ്കാരമോ അംഗീകാരമോ ആയി കണക്കാക്കരുത്. തെരഞ്ഞെടുത്ത നൂറു ഗാനങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ചിലഗാനങ്ങൾ ഓഡിയോ ആൽബമാക്കി പുറത്തിറക്കുന്ന പദ്ധതിയും അക്കാദമിയുടെ പരിഗണനയിലുണ്ട്. ഇതിന് പ്രത്യേക പ്രതിഫലം നൽകേണ്ടതില്ലെന്ന് ജൂറി ശുപാർശ ചെയ്തു.. അങ്ങനെ അക്കാദമി ഈ ഗാനങ്ങളെ ഉപയോഗപ്പെടുത്തുമ്പോൾ രചനയിലും സംഗീത സംവിധാനത്തിലും ആലാപനത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുമാണ്.

കേരള ഗാനങ്ങളുടെ തെരഞ്ഞെടുത്ത പട്ടിക സംബന്ധിച്ച വിവരങ്ങൾ അക്കാദമി വെബ്സൈറ്റിൽ (www.keralasangeethanatakakademi.in) ലഭ്യമാണ്.

ഡോ.പ്രഭാകരൻ പഴശ്ശി
സെക്രട്ടറി.

സി.പി.എസ്